# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## മലയാളം പേപ്പർ II അടിസ്ഥാനപാഠാവലി

സമയം : 90 മിനിട്ട്

**STD – X** സ്കോർ : 40

**ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക ( സ്കോർ 1 വീതം )**

1. 'ചെമ്മീൻ' - നോവൽ രചിച്ചത്

    * റഫീക്ക് അഹമ്മദ്
    * യു.കെ. കുമാരൻ
    * തകഴി ശിവശങ്കരപ്പിള്ള

2. "രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു."
   'വൻ വ്യാപാരം' എന്താവാം ?

    * തൊഴിലാളികൾക്ക് ആവശ്യത്തിന് കൂലി നൽകുന്നത്
    * നെല്ല് കൂടിയ വിലയ്ക്ക് വലിയ വള്ളങ്ങളിൽ കടത്തുന്നത്
    * കള്ളക്കടത്തുകാർ സ്വർണ്ണം കൊണ്ടുപോകുന്നത്

3. "ഇല്ലച്ചമ്മേ. ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ." - വരികളിലെ ഭാവമെന്ത് ?

    * സ്നേഹം
    * വിഷാദം
    * സന്തോഷം

4. "വീടിന്റെ അപൂർണ്ണത അമ്മയ്ക്ക് ഒരിക്കലും സാന്ത്വനമാവുകയില്ല."പ്രയോഗത്തിൽ
   വ്യക്തമാകുന്നത് എന്ത് ?

    * ചാത്തുച്ചെട്ട്യാരുടെ സന്തോഷം
    * കണാരന്റെ വയലിലെ ഉഴുത്ത്
    * അമ്മയുടെ ദുഃഖം

5. കരിയില – പിരിച്ചെഴുതിയാൽ

    * കരി + യില
    * കരി + ഇല
    * കരിയി + ഇല

6. "സ്വയം ബുദ്ധികെട്ട കരിന്തിരിയാളും വരെയവർ ഒന്നെന്നെ കൊണ്ടുപോയീടേണം."
   എവിടേയ്ക്ക് കൊണ്ടുപോകാനാണ് അമ്മ ശല്യപ്പെടുത്തിയിരുന്നത് ?

    * വിദ്യാലയത്തിൽ
    * ആശുപത്രിയിൽ
    * കോവിലിൽ

TVM EDL DIST

**രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക ( സ്കോർ 2 വീതം )**

7. മാതൃകപോലെ എഴുതുക.

മാതൃക – മരക്കൊമ്പ് - മരത്തിന്റെ കൊമ്പ്

തെരുവുപട്ടി -

അപ്രതീക്ഷിതം -

8. "മൂപ്പരെങ്ങോട്ടു പോയി?"

"മൂപ്പര് പോയി"

'പോയി' എന്ന വാക്കിന് സംഭവിക്കുന്ന അർത്ഥവ്യത്യാസം വ്യക്തമാക്കുക.

9. അർത്ഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.

അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ച ആ കാഴ്ച നോക്കി നിന്നു ചിരുത ആനന്ദിച്ചു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( സ്കോർ 4 വീതം )**

10. "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു."

അമ്മപ്പട്ടിയുടെ ശൗര്യം നിങ്ങളിലുണർത്തുന്ന ചിന്തകൾ കുറിക്കുക.

11. 'ഓരോ വിളിയും കാത്ത്' കഥയിലെ അച്ഛന്റെ സ്വഭാവ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പു തയാറാക്കുക.

12. "ജീവിതത്തിന് എന്തെന്ത് സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത് !"

- കോരന്റെ അപ്പനെക്കുറിച്ച് ലഘുവർണ്ണന തയാറാക്കുക.

13. 'മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്' എന്ന് അമ്മയുടെ കണ്ണുകളെ വിശേഷിപ്പിച്ചതിന്റെ ഔചിത്യം വിവരിക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( സ്കോർ 6 വീതം )**

14. 'പ്ലാവിലക്കഞ്ഞി' എന്ന നോവൽ ഭാഗത്ത്,

- കർഷകർ നേരിടുന്ന കൊടിയ ദാരിദ്ര്യം
- അധ്വാനത്തിനനുസരിച്ച് കൂലി കിട്ടാത്തത്
- സംഘടനാബോധമില്ലായ്മ

എന്നീ കർഷകത്തൊഴിലാളി പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന സന്ദർഭങ്ങൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

15. വൃദ്ധർ നേരിടുന്ന എന്തെല്ലാം വെല്ലുവിളികളാണ് 'ഓരോ വിളിയും കാത്ത്' ,'അമ്മത്തൊട്ടിൽ' എന്നീ പാഠഭാഗങ്ങൾ മുന്നോട്ട് വയ്ക്കുന്നത് ? നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

TVM EDL DIST